

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പരിയാരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.13/1750/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 22/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പരിയാരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.13/1750/25 തീയ്യതി: 22/12/2025

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-12-2024 മുതൽ 08-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 43 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സുരേശൻ.പി.വി	ഡെപ്യൂട്ടി ഡയറക്ടർ	09-10-2025	18-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-10-2025	18-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ, ഓഡിറ്റ് ഓഫീസർ ഹയർഗ്രേഡ്,
ശ്രീ.ഗണേശൻ കേളോത്ത്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.നിഖിൽ കെ, ഓഡിറ്റർ
ശ്രീ.വരുൺദാസ് വി.പി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ടി ഷീബ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ചന്ദ്രൻ.എം.വി	സെക്രട്ടറി	01-04-2024	31-05-2024
ശ്രീമതി.പ്രമീളബോബി.സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2024	20-11-2024
ശ്രീ.സുനിൽ ജോസഫ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	21-11-2024	15-12-2024
ശ്രീമതി.പ്രമീളബോബി.സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-12-2024	02-01-2025
ശ്രീമതി.ബിന്ദു.വി	സെക്രട്ടറി	03-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഹരിത.ടി	കൃഷി ഓഫീസർ	01-04-2024	31-10-2024
ശ്രീമതി.ഷിൽന മുകുന്ദൻ	കൃഷി ഓഫീസർ	01-11-2024	31-03-2025
ശ്രീ.രൂപേഷ്.ടി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഡോ.സമീർ.കെ	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീ.ജോസ്ജയകുമാർ	ക്ഷീരവികസന ഓഫീസർ	01-04-2024	20-08-2024
ശ്രീമതി.പ്രീത.പി	ക്ഷീരവികസന ഓഫീസർ	21-08-2024	31-03-2025
ശ്രീമതി.ആശ.സി.വി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2024	01-09-2024
ശ്രീമതി.മിനി നാരായണൻ	ഫിഷറീസ് സബ് ഇൻസ്പെക്ടർ	02-09-2024	01-12-2024
ശ്രീമതി.ആശ.സി.വി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	02-12-2024	31-03-2025
ശ്രീമതി.ശ്രീജ.വി.സി	ഐ സി ഡി എസ് സൂപർവൈസർ	01-04-2024	12-08-2024
ശ്രീമതി.രമ്യ.പി	ഐ സി ഡി എസ് സൂപർവൈസർ	13-08-2024	31-03-2025
ഡോ.നിമിത.ടി.വി	മെഡിക്കൽ ഓഫീസർ - ആയുർവേദ	01-04-2024	03-05-2024
ഡോ.രാഖി.ടി.പി	മെഡിക്കൽ ഓഫീസർ - ആയുർവേദ	04-05-2024	18-01-2025
ഡോ.അമ്പിളിമോഹൻ	മെഡിക്കൽ ഓഫീസർ - ആയുർവേദ	19-01-2025	31-03-2025
ശ്രീമതി.ലീന.പി.പി	ഹെഡ് മാസ്റ്ററർ	01-04-2024	31-03-2025
ശ്രീമതി.ശ്രീജ ബാട്ടി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -പരിയാരം	01-04-2024	19-09-2024
ശ്രീ.ലിജു.വി.കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -പരിയാരം	20-09-2024	20-01-2025
ശ്രീ. രഞ്ജിത്ത്.ബാബു	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -പരിയാരം	21-01-2025	31-03-2025
ശ്രീ.ലിജു.വി.കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - കൃറ്റ്യേരി	01-04-2024	31-03-2025
ഡോ.രമ്യ.കെ.എൻ	മെഡിക്കൽ ഓഫീസർ - പി എച്ച് സി	01-04-2024	31-05-2024
ഡോ.അനുശ്രീ.കെ.പി	മെഡിക്കൽ ഓഫീസർ - പി എച്ച് സി	01-06-2024	31-03-2025
ശ്രീമതി.പ്രമീളബോബി.സി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	20-11-2024

ശ്രീ.സുനിൽ ജോസഫ്	അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്	21-11-2024	15-12-2024
ശ്രീമതി.പ്രമീളബോബി.സി	അസിസ്റ്റന്റ് സെക്രട്ടറി	16-12-2024	03-01-2025
ശ്രീമതി.മിനി.കെ.വി	അസിസ്റ്റന്റ് സെക്രട്ടറി	04-01-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -പൊരുത്തപ്പെടുന്നില്ല	1-1-2
4	കാലികമാക്കിയ ആസ്തി രജിസ്റ്ററും ഡിപ്രീസിയേഷൻ കണക്കുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.	1-1-3
5	എ സി ആർ സൂക്ഷിച്ചിട്ടില്ല	1-1-4
6	ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-5
7	Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയ 21857 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.	1-1-6
8	പ്രയർപിരിയഡ് ഇൻകം & പ്രയർ പിരിയഡ് എക്സ്പെൻസസ് വിശദാംശം ലഭ്യമാക്കിയിട്ടില്ല	1-1-7
9	ഹോണറേറിയം, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്, വാഹന ഇന്ധനച്ചെലവ്, വെള്ളക്കരം എന്നിവ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-8
10	സാക്ഷ്യപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.	1-1-9
11	ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിവരങ്ങൾ - B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല	1-1-10
12	ധനകാര്യകമ്മീഷൻ അവാർഡ് തുക-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല	1-1-11
13	സ്വകാര്യആശുപത്രികളും സ്വകാര്യ പാരമെഡിക്കൽ സ്ഥാപനങ്ങളും -ഡിമാന്റ് തുക വാർഷിക ധനകാര്യപത്രികയും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-12
14	ബജറ്റ്	1-2
15	സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)	1-3
16	ഫണ്ട് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
19	ക്ഷേമ പെൻഷനുകൾ	1-7
20	ക്യാഷ് പരിശോധനാ സാക്ഷ്യപത്രം	1-8
21	ആഭ്യന്തര നിയന്ത്രണസംവിധാനം	1-9
22	ഗ്രാമസഭ	1-10
23	കമ്മിറ്റികളുടെ പ്രവർത്തനം	1-11
24	തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും, സ്ലാബിനു അനുസൃതമായി ചുമത്തുന്നതിലെയും, പിഴ ഈടാക്കുന്നതിലെയും അപാകങ്ങൾ - 9905 രൂപ നഷ്ടം	1-12
25	വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു	1-13
26	പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.	1-14
27	വസ്തു നികുതി - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു	1-15
28	പിഗ് & ഡോഗ് ലൈസൻസിൽ ഗണ്യമായ കുറവ്	1-16
29	ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കു വരുത്തേണ്ടതാണ്	1-17
30	കുറ്റികുരുമുളക് തൈ വിതരണം- അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ നിരക്കിൽ യഥാർത്ഥ വിലയ്ക്ക് തൈകൾ നേരിട്ട് വാങ്ങിയത് സംബന്ധിച്ച അനുമതി രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹40000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-18
31	ഉഴുന്ന് വിത്തുകൾ അഗ്രോ സർവീസ് സെന്ററിൽ നിന്നും കൃഷി ഫാമുകളുടെ നിരക്കിനേക്കാളും അധിക നിരക്കിൽ വാങ്ങിയത് സംബന്ധിച്ച അനുമതി രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹204400യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-19

32	എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹126477 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-20
33	പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹131680 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-21
34	പരിയാരം പി എച്ച് സി യിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ- വാങ്ങൽ നടപടിക്രമങ്ങൾ സർക്കാർ നിർദ്ദേശപ്രകാരമല്ല.	1-22
35	മൃഗാശുപത്രിയിലേക്ക് മരുന്ന് കൺസ്യൂമെബിൾസ് വാങ്ങൽ - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല	1-23
36	മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല - 3340 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
37	സംരംഭകത്വ പലിശ സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക 11500 രൂപ തടസ്സപ്പെടുത്തുന്നു.	1-25
38	അംഗീകാരം ലഭ്യമാകാത്ത സ്പിൽ ഓവർ പ്രവൃത്തികൾക്ക് വേണ്ടി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല - ₹320000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-26
39	കരാട്ടേ പരിശീലന പദ്ധതികളിൽ കുടുംബശ്രീക്ക് ലഘുഭക്ഷണ ചെലവിനായി അധികം അനുവദിച്ച ₹16576 തിരികെ ഈടാക്കേണ്ടതാണ്.	1-27
40	പത്താംമുദയം -സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസജില്ല -₹56050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-28
41	കോക്ലിയർ ഇമ്പ്ലാന്റേഷൻ നടത്തിയ കുട്ടികൾക്ക് ഉപകരണ റിപ്പയർ തുക സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറൽ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക ₹144901 തടസ്സപ്പെടുത്തുന്നു.	1-29
42	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ- സ്കോളർഷിപ്പ് ഇനത്തിൽ അധികം നൽകിയ ₹26395 യുടെ ചെലവ് നിരാകരിക്കുന്നു.	1-30
43	മുടിക്കാനം എസ് സി സാമൂഹ്യവിനോദ കേന്ദ്രത്തിന് മേശ,അലമാര,കസേര എന്നിവ വാങ്ങി നൽകൽ -രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹54,000 യുടെ ഈ ചെലവ് തടസ്സപ്പെടുത്തുന്നു.	1-31
44	മിശ്രവിവാഹ ധനസഹായം - ഗുണഭോക്താവിന്റെ റേഷൻ കാർഡ് ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിൽനിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ₹75,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-32
45	60 വയസിന് മുകളിലുള്ളവർക്ക് കട്ടിൽ എസ് സി-അർഹത പരിശോധിക്കുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല - ₹17,700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-33
46	തെരുവ് വിളക്ക് പരിപാലനം-രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹83,333 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-34
47	എബിസി പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-35
48	വൃത്തി 2025- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-36
49	ജി ഐ എസ് മാപ്പിംഗ് വസ്തുനികുതി പരിഷ്കരണ വിവരശേഖരണം - പ്രവൃത്തിക്ക് വേണ്ടി മുഴുവൻ തുകയും കൈമാറ്റം ചെയ്യുന്നതിന് മുമ്പ് ഉത്തരവിൽ വ്യക്തമാക്കിയ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.	1-37
50	ഐ കെ എം വിഹിതം നൽകൽ–വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹ 103118 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-38
51	കെ എസ് ഇ ബി ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടില്ല. ₹2052982 യുടെ ചെലവ് തടസപ്പെടുത്തുന്നു	1-39
52	ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയും ആയതിന്റെ 18% ജി എസ് ടിയും അതത് അക്കൗണ്ടുകളിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടില്ല	1-40
53	ജലജീവൻ മിഷൻ പദ്ധതി -അവലോകനം	1-41

54	പരിയാരം ഗ്രാമപഞ്ചായത്ത്- ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും	1-42
ഭാഗം **2**		
1	തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും, സ്ലാബിനു അനുസൃതമായി ചുമത്തുന്നതിലെയും, പിഴ ഈടാക്കുന്നതിലെയും അപാകങ്ങൾ - 9905 രൂപ നഷ്ടം	2-1
ഭാഗം **3**		
1	കരാട്ടേ പരിശീലന പദ്ധതികളിൽ കുടുംബശ്രീക്ക് ലഘുഭക്ഷണ ചെലവിനായി അധികം അനുവദിച്ച ₹16576 തിരികെ ഈടാക്കേണ്ടതാണ്.	3-1
2	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ- സ്കോളർഷിപ്പ് ഇനത്തിൽ അധികം നൽകിയ ₹26395 യുടെ ചെലവ് നിരാകരിക്കുന്നു.	3-2
ഭാഗം **4**		
1	മെഡിസെപ് പ്രീമിയം ഒടുക്ക് വരുത്തിയതിന്റെ വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-5
6	സ്ഥിര നിക്ഷേപം	4-6
7	വായ്പ/വായ്പാ തിരിച്ചടവ്	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക ധനകാര്യ പത്രികകൾ	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31-07-2025 തീയതിയിലെ 189/2025 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 31-07-2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 31.03.2025 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)സി &എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപന ങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
22.12.2025.

1–1–1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
B) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62 F പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
C) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
D) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9517823 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹(-) 5026808 യാണ്.

1-1-3 കാലികമാക്കിയ ആസ്തി രജിസ്റ്ററും ഡിപ്രീസിയേഷൻ കണക്കുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കാലികമാക്കിയ ആസ്തി രജിസ്റ്ററും ആയതിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഡിപ്രീസിയേഷൻ കണക്കുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-4 എ സി ആർ സൂക്ഷിച്ചിട്ടില്ല

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് എ സി ആർ സൂക്ഷിച്ചിട്ടില്ല. അതുകൊണ്ടുതന്നെ പ്രസ്തുത കണക്കുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-1-5 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വിവിധ റവന്യൂ വരവിനങ്ങളുമായി ബന്ധപ്പെട്ട ഡിമാന്റ് എൻട്രികൾ സാമ്പത്തിക വർഷാവസാനം മാത്രമാണ് നടത്തിയിട്ടുള്ളത്. ഉദാഹരണം -വസ്തു നികുതി, തൊഴിൽ നികുതി

1-1-6 Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയ 21857 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

B-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയ 21857 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-7 പ്രയർപിരിയഡ് ഇൻകം & പ്രയർ പിരിയഡ് എക്സ്പെൻസസ് വിശദാംശം ലഭ്യമാക്കിയിട്ടില്ല

പ്രയർപിരിയഡ് ഇൻകം ആയി I-19 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 1289737 രൂപയും പ്രയർ പിരിയഡ് എക്സ്പെൻസസ് ആയി I-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 418770 രൂപയും ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

1-1-8 ഹോണറേറിയം, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്, വാഹന ഇന്ധനച്ചെലവ്, വെള്ളക്കരം എന്നിവ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2025 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്, വാഹന ഇന്ധനച്ചെലവ്, വെള്ളക്കരം എന്നിവ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-9 സാക്ഷ്യപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

സാക്ഷ്യപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-10 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിവരങ്ങൾ - B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല

തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ഭാഗമായി കെ.എസ്.ഇ.ബി പരിയാരം സെക്ഷന് അനുവദിച്ച ₹2,00,000 രൂപയും കെ.എസ്.ഇ.ബി കരിമ്പം സെക്ഷന് അനുവദിച്ച 52982 രൂപയും 39859 രൂപയും B-18 ഷെഡ്യൂളിലെ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് -ഡെപ്പോസിറ്റ് വിത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 ധനകാര്യകമ്മീഷൻ അവാർഡ് തുക-നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

ധനകാര്യകമ്മീഷൻ അവാർഡ് തുക- ബി 4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും (₹9896616) ബി 17 പ്രകാരമുള്ള അക്കൗണ്ട് ബാലൻസും (₹9903587, ഫെഡറൽ ബാങ്ക് പി എഫ് എം എസ് നമ്പർ 11270100419197) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-12 സ്വകാര്യആശുപത്രികളും സ്വകാര്യ പാരമെഡിക്കൽ സ്ഥാപനങ്ങളും -ഡിമാന്റ് തുക വാർഷിക ധനകാര്യപത്രികയും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

സ്വകാര്യആശുപത്രികളും സ്വകാര്യ പാരമെഡിക്കൽ സ്ഥാപനങ്ങളും എന്ന ഹെഡിൽ രേഖപ്പെടുത്തിയ ഡിമാന്റ് തുക (850) രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയുമായി (650) പൊരുത്തപ്പെടുന്നില്ല.

1–2 ബജറ്റ്

ഭരണസമിതിയുടെ 13-2-2024 ലെ 53/2024 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2024-25 ലെ ബജറ്റ് ചുവടെ കൊടുക്കുന്നു

മുന്നിരിപ്പ്	6801632
വരവ്	183374096
ആകെ	190175728
ചെലവ്	184052083
നീക്കിയിരിപ്പ്	6123645

ഭരണസമിതിയുടെ 24-2-25 ലെ 52/2025 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2024-25 ലെ പുതുക്കിയ ബജറ്റ് ചുവടെ കൊടുക്കുന്നു

മുന്നിരിപ്പ്	51319139
വരവ്	313011626
ആകെ	364330765
ചെലവ്	319624935
നീക്കിയിരിപ്പ്	44705830

1–3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)

മുന്നിരിപ്പ്	₹3,57,03,372
വരവ്	₹12,71,23,492
ആകെ	₹16,28,26,864
ചെലവ്	₹11,76,05,669
നീക്കിയിരിപ്പ്	₹4,52,21,195
വരവിനങ്ങളിലുള്ള നഷ്ടം	₹9,905
ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹42971
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹35,49,481

1–4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	0	26427000	26427000	26362121	64879
വികസനഫണ്ട് എസ്.സി. പി	0	3690000	3690000	3060920	629080
സംരക്ഷണഗ്രാന്റ്, റോഡ്	0	28999000	28999000	28999000	0
സംരക്ഷണഗ്രാന്റ്, നോൺ റോഡ്	0	6225000	6225000	5869200	355800

ധനകാര്യകമ്മിഷൻ ഗ്രാന്റ്-ബേസിക്	13,09,442	4,649,704	5959146	3060723	2898423
ധനകാര്യകമ്മിഷൻ ഗ്രാന്റ്- ടൈഡ്	17,42,602	9,991,500	11734102	4735909	6998193
ശുചിത്വമിഷൻ	4,51,299	0	4,51,299	0	4,51,299
മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ - ലൈഫ് സ്റ്റേറ്റ് ഷെയർ	14,96,495	3000000	4496495	1770000	2726495
എൻ ആർ എച്ച് എം ഫണ്ട്	5,36,308	0	5,36,308	0	5,36,308
മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നു ലഭിച്ച വിഹിതം	6,70,870	0	6,70,870	0	6,70,870
ഹെൽത്ത് ഗ്രാന്റ്- അടിസ്ഥാന സൗകര്യം	11,46,413	480024	1626437	156461	1469976
ഹെൽത്ത് ഗ്രാന്റ്- ഹെൽത്ത് & വെൽനസ് സെന്റർ	3,09,836	702378	1012214	90186	922028
ഹെൽത്ത് ഗ്രാന്റ്- ബിൽഡിംഗ് ലെസ് സബ്സെന്റേഴ്സ്	28,05,500	95097	2900597	0	2900597
കേന്ദ്രസർക്കാർ അവാർഡ്	500000	0	500000	0	500000
വിമുക്തി	25,656	0	25,656	0	25,656
എസ്എസ് എ	1,19,639	0	1,19,639	0	1,19,639
ഐ.സി.ഡി.എസ,കേന്ദ്ര വിഹിതം	15,58,048	3883694	5441742	3041864	2399878
സാക്ഷരത	6216	187	6403	0	6403

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെകൊടുക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
282	216942206	219	1079,67315	100	63	119	42.2

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം

കൃഷി ഓഫീസർ	11	11	85,42,220	61,41,240	71.89
വെറ്റിനറി സർജൻ	10	9	26,38,886	16,49,041	62.49
മെഡിക്കൽ ഓഫീസർ, പിഎച്ച്സി	19	15	66,27,823	27,86,454	42.04
മെഡിക്കൽ ഓഫീസർ,ആയുർവേദ	6	6	12,91,090	12,90,683	99.97
എസ് ഐ ഫിഷറീസ്	2	2	1,18,000	1,17,243	99.36
വി ഇ ഒ	32	25	6,92,29,520	2,15,80,369	31.17
ഐസിഡിഎസ് സൂപ്പർവൈസർ	22	19	1,47,66,757	1,04,10,575	70.50
സെക്രട്ടറി	37	18	21,23,4701	64,50,347	30.37
അസിസ്റ്റന്റ് എഞ്ചിനീയർ	117	92	8,47,01,039	5,16,19,286	60.94
ഹെഡ്മാസ്റ്റർ	13	11	23,60,720	16,03,926	67.94
ഡെയറി ഫാം ഇൻസ്ട്രക്ടർ	2	2	30,00,000	23,44,197	78.14
അസിസ്റ്റന്റ് സെക്രട്ടറി	11	9	24,31,450	19,73,954	81.18
ആകെ	282	219	21,69,42,206	10,79,67,315	49.76%

1–6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	.48	1541382	1541382.48	1541205	177.48
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	28504600	28504600	28504600	0
ആകെ	.48	30037331	30045982.48	30045805	177.48

നീക്കിയിരിപ്പ് തുകയിൽ .48 രൂപയുടെ വ്യത്യാസം ഉണ്ട്.

1–7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	1,09,40,000	567
വിധവ പെൻഷൻ	2,41,16,600	1368
വാർദ്ധക്യകാല പെൻഷൻ	4,72,52,300	3005
ഭിന്നശേഷി പെൻഷൻ	82,07,400	455
50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ	11,94,600	67
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	60,000	2

1–8 ക്യാഷ് പരിശോധനാ സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2025 തീയതിയിൽ 11.35 AM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9401 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1–9 ആഭ്യന്തര നിയന്ത്രണസംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര –

ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ച കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്കുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഇൻകമ്പൻസി രജിസ്റ്റർ, മാന്വൽ രശീത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. മാന്വൽരശീത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയത് പരിഹരിച്ച് സമർപ്പിച്ചിട്ടില്ല. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ടി.ആർ.7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പു വരുത്തിയിട്ടില്ല.
നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമാക്കുന്നതിനായി ഫീൽഡ് തല പരിശോധനയിലൂടെ കെട്ടിടങ്ങളുടെ ഒക്കുപെൻസിക്കു ശേഷമുള്ള കൂട്ടിചേർക്കലുകൾ നികുതി വിധേയമാക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തി, തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം കാര്യക്ഷമമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമആസ്തികളിൽ ഉൾപ്പെടുത്തിയും തൊഴിലുറപ്പ് പദ്ധതി പ്രകാരം ആർജിച്ചെടുത്ത കോൺക്രീറ്റ് റോഡുകളും ഉൾപ്പെടുത്തിയും ആസ്തി രജിസ്സർ കാലികമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ പഞ്ചായത്തിലെ അഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

1–10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. എന്നാൽ പരിയാരം ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ 2024-25 വർഷം ആകെയുള്ള 18 വാർഡുകളിലും 2 തവണ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. 2024 ജൂലൈ,2025 ജനുവരി മാസങ്ങളിലാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. 2024-25 വാർഷിക പദ്ധതി രൂപീകരണം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, മാലിന്യസംസ്കരണം, ഡിജിറ്റൽ സാക്ഷരത, ഓഡിറ്റ് റിപ്പോർട്ട് എന്നിവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭാ മിനുട്സ് അതത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ 15 പേര് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

1–11 കമ്മിറ്റികളുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിൽ ഭരണസമിതി, സ്റ്റിയറിംഗ് കമ്മിറ്റി, കൂടാതെ വിവിധ തലത്തിലുള്ള 4 സ്റ്റാൻഡിംഗ് കമ്മിറ്റികൾ (ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം) എന്നിവ രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരുകയും ഭരണപരമായ തീരുമാനങ്ങൾ ഭരണസമിതിയ്ക്ക് ശിപാർശ ചെയ്യുന്നുമുണ്ട്. എന്നാൽ ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റികൾ യോഗങ്ങൾ ചേർന്നശേഷം തീരുമാനങ്ങൾ പ്രസിഡന്റിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം നേരിടുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

കമ്മിറ്റിയുടെ പേര്	യോഗ തീയതി	മിനുട്സ് അംഗീകാരത്തിനായി അയച്ച തീയതി	അംഗീകരിച്ച തീയതി
ഭരണസമിതി	28-01-25	01-03-25	01-03-25
ആരോഗ്യം	06-01-25	19-02-25	19-02-25
ധനകാര്യം	06-01-25	21-02-25	23-04-25
വികസന കാര്യം	10-01-25	13-03-25	14-04-25
ക്ഷേമകാര്യം	06-01-25	19-02-25	19-02-25

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി

സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ആയതു പ്രകാരം മിനിറ്റ്സ് പൂർത്തീകരിക്കുന്നതിൽ സമയപരിധി പാലിച്ചിട്ടില്ല. ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.
ഗ്രാമ പഞ്ചായത്തിൽ ആകെ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഏതാനും വർക്കിംഗ് ഗ്രൂപ്പുകൾ (ആരോഗ്യം, ദാരിദ്ര്യലഘൂകരണം, വിദ്യാഭ്യാസം, പൊതുമരാമത്ത്, കുടിവെള്ളം) 2 തവണ യോഗം ചേർന്നിട്ടുണ്ട്. ബാക്കിയുള്ളവ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേരേണ്ടതും പദ്ധതി നിർവഹണം സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് ഉറപ്പു വരുത്തേണ്ടതുമാണ്. ആയത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്.
പ്രൊക്യൂർമെന്റ് കമ്മിറ്റി 2024-25 ൽ 30-12-2024,11-02-2025,11-03-2025, 27-03-25 എന്നീ ദിവസങ്ങളിൽ യോഗം ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുമുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ,ഫിഷറീസ് സബ് ഇൻസ്പെക്ടർ തുടങ്ങിയവരുടെ പർച്ചേസുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. കൂടാതെ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ മാത്രം പർച്ചേസുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും, സ്ലാബിനു അനുസൃതമായി ചുമത്തുന്നതിലെയും, പിഴ ഈടാക്കുന്നതിലെയും അപാകങ്ങൾ - 9905 രൂപ നഷ്ടം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16,17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2024-25 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/13.10.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.
എ) തൊഴിൽ നികുതി സ്ലാബിനു അനുസൃതമായി നികുതി ഈടാക്കിയിട്ടില്ല.
1996 കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം കമ്പനികളുടെയും വ്യക്തികളുടെയും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി നികുതി നിർണയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എ.ബി.സി മെർക്കൻറ്റൈൽ ഗ്രൂപ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2024-25ലെ ആദ്യ അർദ്ധവർഷത്തിലെ ശമ്പളവും തൊഴിൽ നികുതിയും സ്ഥിരീകരിച്ചുകൊണ്ട് സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി സമർപ്പിച്ച റിട്ടേൺ ഫോം പ്രകാരം ചില ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് തൊഴിൽ നികുതി സ്ലാബിനു അനുസൃതമായിട്ടല്ല. വിവരങ്ങൾ താഴെ കൊടുക്കുന്നു.

സ്ഥാപനം	റിട്ടേൺ ഫോം പ്രകാരമുള്ള അസ്സെസ്സ്മെന്റ് നമ്പർ	വ്യക്തി	അർദ്ധ വർഷം	അർദ്ധവർഷ വരുമാനം (ശമ്പളം + ബോണസ്)	ഈടാക്കിയ നികുതി	ഈടാക്കേണ്ട നികുതി	കുറവ് വന്നതുക
എ.ബി.സി മെർക്കൻറ്റൈൽ ഗ്രൂപ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്	5	വത്സല എം പി	I	104750	750	1000	250
	11	അക്ഷയ് ഉ	I	118417	625	1000	375
	13	ജിഷ്ണു രാധാകൃഷ്ണൻ	I	105000	625	1000	375
	32	അജിത പി	I	139000	1000	1250	250
	34	സുരേഷ് കെ വി	I	105574	750	1000	250
	39	സൗമ്യ എൻ	I	114950	750	1000	250
	45	ശ്രീരാഗ് എൻ	I	143158	1000	1250	250
	50	രാഹുൽ രാജ്	I	115225	750	1000	250
	51	മിഥുൻ ആർ എസ്	I	114400	750	1000	250
	55	അഭിജിത് കെ	I	113300	750	1000	250
	59	കിരൺ ടി	I	124183	750	1000	250

	61	അഷ്ല പി പി	I	82600	600	750	150
	63	സഞ്ജയ് കുമാർ കെ	I	110550	750	1000	250
	65	സിതാര എം വി	I	111200	750	1000	250
	68	ഫായിസ് പുന്നക്കൽ	I	136667	1000	1250	250
	69	മുഹമ്മദ് റിഫായി സി കെ	I	136666	1000	1250	250
	70	റിജിന കെ	I	141300	1000	1250	250
	71	ജിഷ്ണു പി കെ	I	110667	750	1000	250
	74	ഷൈനി കുഞ്ഞിരാമൻ നമ്പ്യാർ	I	138000	1000	1250	250
	77	കൃഷ്ണ കിരൺ പി	I	102666	750	1000	250
	85	വിഷ്ണു കെ	I	92750	600	750	150
	88	രജിനശ്രീ പി വി	I	105000	750	1000	250
	89	സൗമ്യ കെ വി	I	69667	450	600	150
	90	രജിത് എ വി	I	104500	750	1000	250
	94	അഞ്ജുഷ പി	I	88850	600	750	150
	97	സുസ്മിത പി എം	I	104000	750	1000	250
	98	മാലിക്കൻറകത്ത് ഫാസിൽ	I	129335	1000	1250	250
	99	റുദീപ് രമേഷ് എം വി	I	139360	1000	1250	250
	104	ശ്യാം എം	I	135000	1000	1250	250
	106	ഐശ്വര്യ രഘുനാഥ്	I	100000	750	1000	250
	108	റിജി പി എം	I	79400	600	750	150
	112	അൻവർഷാ എം എ	I	126134	1000	1250	250
	114	മുഹമ്മദ് ശറഫുദ്ധീൻ	I	101000	750	1000	250
	124	ഷിജിന സി വി	I	75200	600	750	150
	129	മുംതാസ് പി	I	75150	600	750	150
	135	നീതു പി വി	I	60750	450	600	150
	138	ലിജിന പി പി	I	60075	450	600	150
	155	വിനോദ്കുമാർ വി കെ	I	100334	750	1000	250
ആകെ							8850

ബി) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം
1	പരിയാരം പി.എച്ച്.സി
2	മഹേശ്വര പ്ലൈവുഡ്
3	റോയൽ മാർബിൾസ്
4	വി.കെ.ഇൻഡസ്ട്രീസ്

5	മുകുന്ദ ഓട്ടോമൊബൈൽസ്

സി) പിഴ ഈടാക്കുന്നതിലെ അപാകം

പിഴ ഈടാക്കുന്നതിനെ സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ നമ്പർ 51457/എൻ.1/ത.ഭ.വ. തീയതി:24.08.2000 പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി നൽകേണ്ടതായ തീയതിയിൽ ഡിമാൻഡ് തുക നൽകുന്നതിൽ വീഴ്ച്ച വരുത്തുന്ന തൊഴിലുടമ / ഓഫീസ് മേധാവി സെപ്റ്റംബർ 1-ആം തീയതി മുതലുള്ള പിഴപ്പലിശ നൽകേണ്ടതാണ്. സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പരിയാരം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഐ.എൽ.ജി.എം.എസ് എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സപ്തംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ കണക്കാക്കിയതിൽ അപാകങ്ങളുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. സ്ഥാപനത്തിൻറെ വിവരം ചുവടെ കൊടുക്കുന്നു.

സ്ഥാപനം	ആദ്യ അർദ്ധവർഷത്തെ തൊഴിൽ നികുതി	ഒന്നാം അർദ്ധവർഷം അടവാക്കിയ തുക, രസീത് നമ്പർ/ തീയതി	ഈടാക്കിയ പിഴ	പിഴയിനത്തിൽ ഈടാക്കേണ്ട തുക	കുറവു വന്ന തുക
പാച്ചേനി ഗവൺമെൻറ് ഹൈസ്കൂൾ	26370	26897, 1240104015 / 06.11.2024	527	1582	1055

തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 8850 രൂപയും പിഴയിനത്തിൽ കുറവ് വന്ന 1055 രൂപയും ഉൾപ്പെടെ ആകെ ₹9905 ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്. 2-ആം അർദ്ധവർഷത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1–13 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു

എ) 22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം ൽ സമർപ്പിക്കപ്പെട്ട വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. പരിയാരം ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച ഫീൽഡ് തല വിവര ശേഖരണം പൂർത്തിയായിട്ടില്ല. നിലവിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന കെട്ടിടങ്ങളുടെ ജി.ഐ.എസ് മാപ്പിങ് നടത്തിവരുന്നുണ്ട്. ഇത് 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഇതിന് പുറമേ 421 9-B ഫോറം ലഭ്യമായിട്ടുണ്ട്. ഫീൽഡ് തല പരിശോധന പൂർത്തിയായ ശേഷം സർക്കാർ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് സോഫ്റ്റ്വെയറിൽ ഇവയ്ക്ക് ആവശ്യമായ മാറ്റം വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തി വസ്തുനികുതി പുനർ നിശ്ചയിക്കേണ്ടതാണ്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ വിവരശേഖരണം പൂർത്തിയാക്കി വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, ഗ്രൂപ്പ് G1, G2, I ഒക്യുപൻസികൾക്ക് കീഴിലുള്ള കെട്ടിടങ്ങൾ എന്നിവ ഒഴികെയുള്ളവയിൽ, ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. പരിയാരം ഗ്രാമ പഞ്ചായത്തിൽ

പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.2/09.10.2025) ലഭിച്ചത്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഒക്യുപ്പൻസി ലഭ്യമായതിനു ശേഷം സംഭവിച്ചേക്കാവുന്ന പല നിയമലംഘനങ്ങളും കണ്ടെത്തുന്നതിന് (പാർക്കിംഗിന് ലഭ്യമായ സ്ഥലം അടച്ചുകെട്ടി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തോട് അനുബന്ധിച്ച് പല കൂട്ടിച്ചേർക്കലുകളും വരുത്തുക തുടങ്ങിയവ) പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് സഹായകരമാകും.

1–14 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് സ.ഉ(പി)നം.25/2023/തസ്വഭവ തീ.05.04.23, എസ്.ആർ.ഒ. നമ്പർ:479/2023 എന്നിവ പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും, കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക് (₹)	ഏറ്റവും കൂടിയ നിരക്ക് (₹)
സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ	25	45

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി പരിയാരം ഗ്രാമപഞ്ചായത്ത് 08.08.2023 തീയതിയിലെ 193/2023 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം (21.8.2023 തീയതിയിലെ എസ്.സി.2-3315/2023 നമ്പർ) പുറപ്പെടുവിക്കുകയും ടർഫുകളുടെ നികുതി നിരക്ക് ₹30 ആയും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ പരിശോധിച്ചതിൽ ടർഫ് ഗണത്തിൽ ഉൾപ്പെടുത്തി ഒരു കെട്ടിടത്തിനും നികുതി നിർണയിച്ചിട്ടില്ല. പൊയ്യിൽ കുറ്റിയേരി റോഡിൽ കോരൻപീടിക ഉള്ള ട്രിയോ ലാൻഡ് (Trio Land) എന്ന ടർഫ് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നതാണോ എന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.49/17.10.2025) മറുപടിയായി പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനം ആണെന്നാണ് മറുപടി ലഭ്യമായിട്ടുള്ളത്. പ്രസ്തുത ടർഫിൽ ചട്ട പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്.

1–15 വസ്തു നികുതി – കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

ക്രമ നമ്പർ	വസ്തുനികുതി	തൻവർഷം (2024-25)	കുടിശ്ശിക
1	റസിഡൻഷ്യൽ ബിൽഡിംഗ്സ്	₹2,09,042	-
2	നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ്	₹2,86,175	₹14,884

നിലവിൽ ഈടാക്കിയിട്ടുള്ള/ഈടാക്കാൻ അവശേഷിക്കുന്ന കുടിശ്ശിക, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/13.10.2025) മറുപടിയായി 2024-25 വർഷത്തെ നികുതി കുടിശ്ശികയിൽ റസിഡൻഷ്യൽ ബിൽഡിങ്ങ്സിന്റെ 96779 രൂപയും നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സിന്റെ 70315 രൂപയും ഈ സാമ്പത്തിക വർഷം പിരിച്ചെടുത്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ കുടിശ്ശിക ഉണ്ടായിരുന്ന തുക വില്ലേജ് ഓഫീസുകളുടെതാണെന്നും 2025-26 വർഷത്തിലുള്ള 64785 രൂപ വില്ലേജ് ഓഫീസുകളുടെയും, ആർ.ടി.ഒ. ഓഫീസിന്റെതുമാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശികയുള്ള കെട്ടിട ഉടമകൾക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെന്നും പ്രോസിക്യൂഷൻ / ജപ്തി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

1–16 പിഗ് & ഡോഗ് ലൈസൻസിൽ ഗണ്യമായ കുറവ്

ഹാജരാക്കിയ പിഗ് & ഡോഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 കാലയളവിൽ 75 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. 2024-25 കാലയളവിൽ ഇത് കുറഞ്ഞ് 34 ലൈസൻസുകൾ ആയി ചുരുങ്ങി. എന്നാൽ 2024-25 കാലയളവിൽ 340-ൽ അധികം വളർത്തുനായകൾക്ക് കുറ്റിയേരി വെറ്റിനറി ഡിസ്പെൻസറിയിൽ നിന്നും വാക്സിനേഷൻ എടുത്തിട്ടുണ്ട്. ഇതുകൂടാതെ വളർത്തുനായകൾക്ക് കുത്തിവെപ്പ് നൽകിയിട്ടും വെറും 34 നായകൾക്ക് മാത്രമാണ് പിഗ് & ഡോഗ് ലൈസൻസ് എടുത്തതായി കാണുന്നത്. അപേക്ഷകളിൽ ഇങ്ങനെ ഗണ്യമായ കുറവ് വന്നത് പരിശോധിക്കപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/13.10.2025), അപാകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം മുതൽ പ്രതിരോധ കുത്തിവെപ്പ് എടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ വെറ്ററിനറി സർജന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും, ആയത് പ്രകാരം ലൈസൻസ് നടപടി സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭിച്ചിട്ടുണ്ട്. വളർത്തുനായകളെ ആളുകൾ തെരുവുകളിൽ ഉപേക്ഷിക്കുന്നില്ല എന്നുറപ്പാക്കാനും, അവയെ കണ്ടെത്തി സംരക്ഷിക്കാനും, റാബീസ് ഭീതി അകറ്റാനും, പൊതു സുരക്ഷയ്ക്കും, ദുരന്ത

വേളകളിൽ നായകളുടെ സംരക്ഷണത്തിനും ഒക്കെ ലൈസൻസ് എടുക്കുന്നത് ഉപകാരപ്രദമാണ്. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവാന്മാരാക്കി മുഴുവൻ വളർത്തു നായകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

1–17 ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കു വരുത്തേണ്ടതാണ്

2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് -ബി 9 ഷെഡ്യൂൾ പ്രകാരം 31-03-2025 ന് ലൈബ്രറി സെസ് ഇനത്തിൽ 6,70,587 രൂപ അടയ്ക്കാൻ ബാക്കിയുണ്ട്. തദ്ദേശഭരണ (എൽ) വകുപ്പ് 20-09-2006 ൽ പുറപ്പെടുവിച്ച 10088/എൽ 3/05 തസ്വഭവ നമ്പർ മാർഗ്ഗ നിർദേശം അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക ഓരോ വർഷവും രണ്ടു ഗഡുക്കളായി (ഏപ്രിൽ 30 നകവും, സെപ്തംബർ 30 നകവും) സംസ്ഥാനലൈബ്രറി കൗൺസിലിൽ അടയ്ക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ:2/09.10.2025) മറുപടിയായി സെസ്സ് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. കേരള പബ്ലിക്ക് ലൈബ്രറീസ് (കേരള ഗ്രന്ഥശാല സംഘം) അമെൻഡ്മെന്റ് ആക്ട് 2000 (1989 ലെ കേരള ഗ്രന്ഥശാല സംഘം ആക്ട് സെക്ഷൻ 48 ഭേദഗതി) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് സമയബന്ധിതമായി ഗ്രന്ഥശാല സംഘത്തിന് അടയ്ക്കാതിരുന്നാൽ പ്രതിമാസം 2 ശതമാനം പലിശയോടുകൂടി തുക ഒടുക്ക് വരുത്തേണ്ടതാണ്. പ്രസ്തുത പിഴ പലിശ ഇനത്തിൽ അടക്കേണ്ടുന്ന തുക ബന്ധപ്പെട്ട സെക്രട്ടറി, പ്രസിഡന്റ്/ചെയർപേഴ്സൺ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുവാനും വ്യവസ്ഥ ചെയ്തുണ്ട്. ആയതിനാൽ ലൈബ്രറി സെസ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ലൈബ്രറി കൗൺസിലേക്ക് അടക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1–18 കുറ്റികുരുമുളക് തൈ വിതരണം– അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ നിരക്കിൽ യഥാർത്ഥ വിലയ്ക്ക് തൈകൾ നേരിട്ട് വാങ്ങിയത് സംബന്ധിച്ച അനുമതി രേഖകൾ ലഭ്യമാക്കിയിട്ടില്ല–₹40000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നമ്പർ, പേര്	22/25, കുറ്റികുരുമുളക് തൈ വിതരണം
അടങ്കൽ	₹112500- വികസന ഫണ്ട് പൊതുവിഭാഗം ₹37500 -ഗുണഭോക്തൃ വിഹിതം ആകെ:₹150000
ചെലവ്	₹45000- ബിൽ നമ്പർ: 329/21.12.2024 ₹15000-ഗുണഭോക്തൃ വിഹിതം ₹67500- ബിൽ നമ്പർ: 471/07.03.2025 ₹22500-ഗുണഭോക്തൃ വിഹിതം ആകെ: ₹150000

പരിയാരം ഗ്രാമപഞ്ചായത്തിൽ കുരുമുളക് കൃഷി വ്യാപനത്തിനായി 75% സബ്സിഡി നിരക്കിൽ കുറ്റികുരുമുളക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പ്രോജക്ട്.

പ്രോജക്ടിന്റെ ഭാഗമായി ജില്ലാ അഗ്രിക്കൾച്ചറൽ ഫാമിൽ നിന്നും കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ പന്നിയൂർ റിസേർച്ച് സ്റ്റേഷനിൽ നിന്നും കുറ്റികുരുമുളക് തൈകൾ(bush Pepper) മേൽ ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

A).ഇൻവോയ്സ് നമ്പർ 339/K/000028/2024-25,02.12.24 പ്രകാരം 400 കുറ്റികുരുമുളക് 150/തൈ നിരക്കിൽ തൈകൾ കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ പന്നിയൂർ റിസേർച്ച് സ്റ്റേഷനിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022 ഖണ്ഡിക 6.1.5.2 പ്രകാരം കുറ്റികുരുമുളക് തൈകൾ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാനവിത്ത് വികസന അതോറിറ്റി, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഗുണമേന്മയ്ക്ക് അനുസരിച്ച് യഥാർത്ഥ വിലയ്ക്ക് വാങ്ങാവുന്നതാണ്. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും യൂണിവേഴ്സിറ്റിയുടെ ഉത്തരവ് പ്രകാരം കൃഷി ഭവനുകൾക്ക് തൈകൾ യഥാർത്ഥ വിലയ്ക്ക് വാങ്ങൽ നടപടികൾ കൂടാതെ കൃഷി ഭവനുകൾക്ക് വാങ്ങാമെന്നതിനുള്ള സർക്കാർ/വകുപ്പ് അനുമതി സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല .

B).അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് & ഫാർമേഴ്സ് വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ ADFW/225/2021-TH1 തീ.23.2.2021 നമ്പർ ഉത്തരവ് പ്രകാരം കുറ്റികുരുമുളക്-Bush Pepper-PB ഇനത്തിന് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 50 രൂപയും Bush Pepper-GB ഇനത്തിന് 150 രൂപയുമാണ്. എന്നാൽ 150 രൂപ യൂണിറ്റ് കോസ്റ്റ് നിരക്കിലാണ് പന്നിയൂർ റിസേർച്ച് സ്റ്റേഷനിൽ നിന്നും കുറ്റികുരുമുളക് തൈകൾ-Bush Pepper-PB വാങ്ങിയിട്ടുള്ളത്.

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും ഒരു സ്കീമിന് ഒരേ തരത്തിലുള്ള ഗുണമേന്മയുള്ള ഉൽപ്പന്നം

ലഭ്യമാക്കുന്നതിനുമാണ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിൽ നിന്നും യഥാർത്ഥ വിലയ്ക്ക് ഗ്രോ ബാഗിന് സമാനമായ പോളി ബാഗിൽ ഉൽപാദിപ്പിച്ച കുറ്റി കുരുമുളക് തൈകൾ വാങ്ങിയതെന്നും പഴയ നിരക്കിലുള്ള യൂണിറ്റ് കോസ്റ്റ് മാറ്റുന്നതിന് ജില്ലാ തല സമിതിക്ക് അപേക്ഷ നൽകുന്നതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (06/11.10.2025) മറുപടി നൽകിയിട്ടുണ്ട്. സ.ഉ.(കൈ.)നം.115/2022 തസ്വഭവ തീ.28.05.2022 ഖണ്ഡിക 6.1(1,3) പ്രകാരം ജൈവ വളങ്ങൾ,രാസവളങ്ങൾ,കീടനാശിനികൾ എന്നിവ കേരള കാർഷിക സർവകലാശാലയിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ച് വാങ്ങാമെന്നത് മാത്രമാണ് ഉള്ളത്.തൈകൾ കാർഷിക സർവ്വകലാശാലയിൽ നിന്നും നേരിട്ട് യഥാർത്ഥ വിലയ്ക്ക് വാങ്ങാമെന്ന നിർദ്ദേശം ഇല്ല . കൃഷിഭവനുകൾക്ക് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം കുറ്റികുരുമുളക് തൈകൾ യഥാർത്ഥ വിലയ്ക്ക് അഗ്രികച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും വാങ്ങാമെന്നതിനുള്ള സർക്കാർ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം യൂണിറ്റ് കോസ്റ്റിന് അധിക നിരക്കിൽ കുറ്റി കുരുമുളക് വാങ്ങിയതിന്റെ ചെലവ് ₹40000 (400x150-400x50) തിരിച്ചടക്കേണ്ടതാണ്. സർക്കാർ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹40000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 ഉഴുന്ന് വിത്തുകൾ അഗ്രോ സർവീസ് സെന്ററിൽ നിന്നും കൃഷി ഫാമുകളുടെ നിരക്കിനേക്കാളും അധിക നിരക്കിൽ വാങ്ങിയത് സംബന്ധിച്ച അനുമതി രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹204400യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രൊജക്ട് നമ്പർ, പേര്	25/25, ഉഴുന്ന് വിത്ത് വിതരണം
അടങ്കൽ	₹218400- വികസന ഫണ്ട് പൊതുവിഭാഗം
ചെലവ്	₹218400- ബിൽ നമ്പർ: 277/11.12.2024

പരിയാരം ഗ്രാമപഞ്ചായത്തിലെ പാടശേഖര സമിതികൾ മുഖേന ഉഴുന്ന് കൃഷി ചെയ്യുന്നതിന് ഉഴുന്ന് വിത്ത് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പ്രോജക്ട്. 80 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള വിത്തുകൾ വിതരണം ചെയ്യുന്നു.

പ്രോജക്ടിന്റെ ഭാഗമായി കൃഷി വകുപ്പ് ഫാമിൽ നിന്നും 140കിലോഗ്രാം 100 രൂപ നിരക്കിലും അഗ്രോ സർവീസ് സെന്റർ ബക്കളം എന്ന സ്ഥാപനത്തിൽ നിന്നും 1460 കിലോഗ്രാം ഉഴുന്ന് 140 രൂപ നിരക്കിലും(Invoice Number 1916/18.11.2024) ഉഴുന്ന് വിത്തുകൾ വാങ്ങി 11 പാടശേഖര സമിതികൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022 ഖണ്ഡിക 6.1.4 പ്രകാരം ഭക്ഷ്യ വിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ എന്നിവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാനവിത്ത് വികസന അതോറിറ്റി, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അല്ലാത്തപക്ഷം കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെയോ പ്രവർത്തിയ്ക്കുന്ന നഴ്സറികളിൽ നിന്നും വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ട് വാങ്ങാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബക്കളം അഗ്രോ സർവീസ് സെന്റർ വാങ്ങൽ നടപടികൾ കൂടാതെ വിത്തുകൾ വാങ്ങുന്നതിന് അനുമതിയുള്ള സ്ഥാപനമാണോ എന്നത് വ്യക്തമല്ല.

കാങ്കോൽ കൃഷി വകുപ്പ് ഫാമിൽ 140കിലോഗ്രാം വിത്തുകൾ മാത്രമാണ് ഉണ്ടായതെന്നും ആയതിനാലാണ് ബാക്കി 1460കിലോഗ്രാം വിത്തുകൾ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൺവീനറും ബ്ലോക്കിന്റെ കീഴിലുള്ള മറ്റ് പഞ്ചായത്ത് പ്രസിഡന്റുമാർ, കൃഷി ഓഫീസർമാർ എന്നിവർ അംഗങ്ങളുമായ ബക്കളം അഗ്രോ സർവീസ് സെന്ററിൽ നിന്നും വാങ്ങിയതെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (08/11.10.2025) മറുപടി നൽകി. കൃഷി വകുപ്പ് ഫാമിൽ നിന്നും ₹100/കിലോഗ്രാം നിരക്കിലാണ് ഉഴുന്ന് വിത്തുകൾ ലഭ്യമായിട്ടുള്ളത്. എന്നാൽ കൃഷി വകുപ്പ് ഫാം നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് (₹140/കിലോഗ്രാം)അഗ്രോ സർവീസ് സെന്ററിൽ നിന്നും ഉഴുന്ന് വിത്തുകൾ വാങ്ങിയിട്ടുള്ളത്, വാങ്ങൽ നടപടികൾ സ്വീകരിച്ചെങ്കിൽ താരതമ്യേന കൃഷി വകുപ്പ് ഫാമിന്റെ നിരക്കിനോടടുത്തുള്ള വിലയ്ക്ക് വിത്തുകൾ വാങ്ങാമായിരുന്നു. വ്യത്യസ്ത സ്ഥാപനങ്ങൾ ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്ന ഇത്തരം സന്ദർഭങ്ങളിൽ പ്രൊക്യൂർമെൻറ് നടപടികളിലൂടെ വിലക്കുറവും ഗുണമേന്മയും ഉറപ്പാക്കി വിത്തുകൾ/ഭക്ഷ്യവിളകൾ വാങ്ങുന്നതിനാണ് പ്രാധാന്യം നൽകേണ്ടത്. ബക്കളം അഗ്രോ സർവീസ് സെന്ററിൽ നിന്നും ഗുണമേന്മ അനുസരിച്ച് യഥാർത്ഥ വിലയ്ക്ക് വാങ്ങൽ നടപടികൾ കൂടാതെ ഭക്ഷ്യ വിളകൾ/ വിത്തുകൾ വാങ്ങാമെന്നത് സാധൂകരിക്കുന്ന സർക്കാർ ഉത്തരവുകൾ/രേഖകൾ ലഭ്യമാക്കിയിട്ടില്ല.ഈ സാഹചര്യത്തിൽ ₹204400(1460x140) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–20 എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ–മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹126477 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി എച്ച് സി പരിയാരം
പ്രോജക്ടിന്റെ നമ്പർ, പേര്	30/25, എൻ എച്ച് എം ഹോമിയോ ഡിസ്പെന്സറിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹400000 (മെയിന്റനൻസ്ഫണ്ട് - റോഡിതരം)
ചെലവ്	₹200000 375/16.01.2025

പരിയാരം ഗ്രാമപഞ്ചായത്ത് എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ് മേൽ പ്രോജക്ട്. മേൽ സൂചിപ്പിച്ച ബിൽ പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്(ഹോംകോ) മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക്(A/C No.34306403911) 200000 രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രൊഫോമ ഇൻവോയ്സ് നം. PF -936/21.12.2024 പ്രകാരം പർച്ചേസ് ഓർഡർ നടത്തിയ മരുന്നുകകളിൽ ₹73523 യുടെ (ടാക്സ് ഇൻവോയ്സ് നം. LF -35/26.04.2025) മരുന്നുകൾ ലഭ്യമായ രേഖകളും സ്റ്റോക്കിലെടുത്ത രേഖകളും മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.ബാക്കി വരുന്ന ₹126477 യുടെ (₹200000-₹73523) മരുന്ന് ലഭ്യമായതിന്റെ ബില്ലുകളും സ്റ്റോക്കിലെടുത്ത രേഖകളും ഫയലിൽ ഇല്ല. മരുന്നുകളുടെ കാലാവധി സംബന്ധിച്ച വിവരം ഹോംകോ യുടെ ഇൻവോയ്സുകളിൽ രേഖപ്പെടുത്താത്തതിനാൽ നിലവിൽ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളുടെ കാലാവധി സംബന്ധിച്ച് വ്യക്തതയില്ല. ബാക്കി ₹126477 യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഫോൺ മുഖേനയും കത്ത് മുഖേനയും ഹോംകോയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അനുബന്ധ ബില്ലുകൾ സമർപ്പിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/13.10.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹126477 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–21 പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ–മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹131680 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,പി എച്ച് സി
പ്രോജക്ടിന്റെ നമ്പർ, പേര്	32/25,പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹400000 (മെയിന്റനൻസ്ഫണ്ട് - റോഡിതരം)
ചെലവ്	₹97775- 390/24.01.2025 ₹99998- 459/03.03.2025 ₹70547- 284/11.12.2024 ₹131680- 597/24.03.2025 ആകെ ₹400000

പരിയാരം പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പ്രോജക്ട്.
പ്രോജക്ട് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് മേൽ ബിൽ 597/24.03.2025 പ്രകാരം ₹131680 നൽകിയിട്ടുണ്ട്. 20/03/2025 ലെ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF4594 പ്രകാരം ആവശ്യപ്പെട്ട ₹131680 യുടെ മരുന്നുകൾ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് ബില്ലുകളും സ്റ്റോക്കിലെടുത്ത രേഖകളും ഫയലിൽ ഇല്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (15/13.10.2025), മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അനുബന്ധ ബില്ലുകളും സ്റ്റോക്ക് രേഖകളും സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹131680 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–22 പരിയാരം പി എച്ച് സി യിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ–വാങ്ങൽ നടപടിക്രമങ്ങൾ സർക്കാർ നിർദ്ദേശപ്രകാരമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ_പി എച്ച് സി
പ്രോജക്ടിന്റെ നമ്പർ, പേര്	292/25,പരിയാരം പി എച്ച് സി യിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ
അടങ്കൽ	₹1057000 (ഹെൽത്ത് ഗ്രാന്റ്)
ചെലവ്	₹48000-505/11.03.2025

	₹84762-392/24.01.2025

പരിയാരം ഗ്രാമപഞ്ചായത്തിലെ പി എച്ച് സി യിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പ്രോജക്ട്.

പ്രോജക്ടിന്റെ ഭാഗമായി താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ, ലാബ് റീഏജന്റുകൾ എന്നിവ വാങ്ങിയിട്ടുണ്ട്.

സ്ഥാപനത്തിന്റെ പേര്	ഇൻവോയ്സ് നമ്പർ, തീയതി	തുക	ഉൾപ്പെട്ട ബിൽ
SURGITECH SURIGICALS,Payyanur	CA-2229/24-25-10.02.25	₹48000	505/11.03.2025, ₹48000
KRIPA SURGICALS,Payyanur	24/25A03453- 05.12.24	₹67962	392/24.01.2025, ₹84762
DEEP MEDITECH,Pvt Ltd.,Delhi	DM/1764/24-25-12.12.24	₹16800	
	TOTAL	₹132762	

സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ,08.11.2010 പ്രകാരം ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് മതിപ്പു വില 5000 രൂപയ്ക്ക് മുകളിലും 25000 രൂപയിൽ താഴെയുമാണെങ്കിൽ ക്വട്ടേഷൻ നടപടികളും 50000 രൂപയിൽ കൂടുതലും 1 ലക്ഷം രൂപയിൽ കുറവുമാണെങ്കിൽ ലിമിറ്റഡ് ടെണ്ടറും സ്വീകരിച്ചാണ് വാങ്ങലുകൾ നടത്തേണ്ടത്.

ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കാതെ 50000 രൂപയിൽ കൂടുതൽ വാങ്ങലുകൾ കൃപ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും നടത്തിയതിന് കാരണം വ്യക്തമല്ല. ഒരു സാമ്പത്തിക വർഷം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണെന്ന് സർക്കാർ ഉത്തരവ് (സാധാ) 259/2010 തസ്വഭവ 08.11.2010 ഖണ്ഡിക 2.3 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരമല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങലുകൾ നടത്താൻ പാടുള്ളതല്ല. മേൽ പട്ടികയിലെ വാങ്ങലുകളുമായി ബന്ധപ്പെട്ട തീരുമാനം പ്രൊക്യൂർമെൻറ് കമ്മിറ്റി മിനട്സിൽ വന്നിട്ടില്ല.

ലിമിറ്റഡ് ടെണ്ടർ കൂടാതെ കൂടുതൽ വാങ്ങലുകൾ കൃപ സർജിക്കൽസിൽ നിന്നും നടത്തിയത് അറിവില്ലായ്മ മൂലമാണെന്നും ഭാവിയിൽ പ്രൊക്യൂർമെൻറ് കമ്മിറ്റി തീരുമാന പ്രകാരം മാത്രമേ വാങ്ങലുകൾ നടത്തുകയുള്ളുവെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (18/14.10.2025) മറുപടി നൽകി. സർക്കാർ ഉത്തരവിന് അനുസൃതമായി വാങ്ങലുകൾ നടത്തുന്നതിന് അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-23 മൃഗാശുപത്രിയിലേക്ക് മരുന്ന് കൺസ്യൂമെബിൾസ് വാങ്ങൽ – വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
പ്രോജക്ട് നമ്പർ / പേര്	281/25 (സ്പിൽ ഓവർ) , മൃഗാശുപത്രിയിലേക്ക് മരുന്ന് കൺസ്യൂമെബിൾസ് വാങ്ങൽ
അടങ്കൽ	₹326386 (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
ചെലവ്	₹326386 ബിൽ നം./തീയതി: 144/19.08.2024 (എ.സി.ആർ പ്രകാരം)

കുറ്റിയേരി വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്നും കൺസ്യൂമെബിൾസും വാങ്ങിക്കുന്നതിനുള്ളതാണ് മേൽ പ്രൊജക്ട്. മരുന്നുകളും കൺസ്യൂമെബിൾസും വാങ്ങിക്കുന്നതിന് ടെൻഡർ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. ചെറുതാഴം സർവീസ് സഹകരണ ബേങ്കിന്റെ മെഡിക്കൽ സ്റ്റോർ മുഖേനയാണ് 06.03.2024 തീയതിയിലെ ബിൽ നമ്പർ 33403 പ്രകാരം 5,00,000 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത്. ഇതിൽ 173614 രൂപ കഴിഞ്ഞ വർഷം (2023-24) നൽകിയിട്ടുണ്ട്. ബാക്കി 326386 രൂപയുടെ ബിൽ സ്പിൽ ഓവർ ആയി 2024-25 വർഷം പ്രോജക്ട് തയ്യാറാക്കുകയാണുണ്ടായത്.

സബ്സിഡി മാർഗരേഖ (സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022) ഖ. 6.3 ക്രമനമ്പർ 32 പ്രകാരം വെറ്ററിനറി മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ നോൺ അവൈലബിലിറ്റി സെർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നീതി / മാവേലി സ്റ്റോർ / സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങാവുന്നതാണ്. ചെറുതാഴം സർവീസ് സഹകരണ ബേങ്കിന്റെ മെഡിക്കൽ സ്റ്റോർ വാങ്ങൽ നടപടിക്രമങ്ങളിലൂടെ അല്ലാതെ നേരിട്ട് മരുന്നുകൾ വാങ്ങാവുന്ന സ്ഥാപനം ആണോ എന്ന് വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.50/18.10.2025) മറുപടിയായി മെൽ സ്ഥാപനം സഹകരണ മെഡിക്കൽസ് എന്ന നിലയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത്. മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന നേരിട്ട് മരുന്നുകൾ വാങ്ങാവുന്ന സ്ഥാപങ്ങളിൽ നിന്നല്ലാതെയും, വാങ്ങൽ നടപടിക്രമങ്ങളിലൂടെ അല്ലാതെയും മരുന്ന് വാങ്ങാൻ പാടില്ലാത്തതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

1–24 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ – മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല – 3340 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
പ്രോജക്ട് നമ്പർ / പേര്	62/25, മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹400000 (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
ചെലവ്	₹400000 ബിൽ നം./തീയതി: 516/12.03.2025 (എ.സി.ആർ പ്രകാരം)

കുറ്റിയേരി വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിക്കുന്നതിനു ലക്ഷ്യം വച്ചുള്ളതാണ് മേൽ പ്രൊജക്ട്. ഇതിലേക്കായി കൂത്തുപറമ്പ് പബ്ലിക് സെർവന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള നീതി സ്റ്റോറിൽ നിന്നും 01.03.2025 തീയതിയിൽ ബിൽ നമ്പർ 13039 പ്രകാരം 400000 രൂപയുടെ മരുന്നുകൾ നേരിട്ട് വാങ്ങിയിട്ടുണ്ട്. മരുന്ന് വാങ്ങിയതിന്റെ ബില്ലും സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ ക്വാളിഡ്രോപ്സ് - 450ml (Qualidrops 450ml) എന്ന മരുന്ന് (25 എണ്ണം) ലഭ്യമാകാൻ ബാക്കിയുള്ളതായി കാണുന്നുണ്ട്. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.52/18.10.2025) മറുപടിയായി മരുന്നുകൾ പിന്നീട് ലഭ്യമായിട്ടുണ്ട് എന്നാണ അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടോ എന്നത് വ്യക്തമല്ല. മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ കാലികമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മരുന്നുകൾ സ്റ്റോക്കിക്കിലെടുക്കാത്തതിനാൽ പ്രസ്തുത മരുന്നിന്റെ വിലയായ 3340 രൂപയുടെ (25 എണ്ണം * 133.62 രൂപ = 3340 രൂപ) ചെലവ് തടസ്സപ്പെടുത്തുന്നു.

1–25 സംരംഭകത്വ പലിശ സബ്സിഡി – രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക 11500 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
പ്രോജക്ട് നമ്പർ / പേര്	282/25 , സംരംഭകത്വ പലിശ സബ്സിഡി (സ്പിൽ ഓവർ)
അടങ്കൽ	₹60000 (തനത് ഫണ്ട്)
ചെലവ്	₹11500 (സൂലേഖ പ്രകാരം) ബിൽ നം./തീയതി: 540/16.03.2025 (എ.സി.ആർ പ്രകാരം)

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ സംരംഭകത്വ പലിശ സബ്സിഡി എന്ന പ്രൊജക്ട് ഫയലും ഇത് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫയലുകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/15.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് ഫയലുകളുടെയും രേഖകളുടെയും അഭാവത്തിൽ11500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–26 അംഗീകാരം ലഭ്യമാകാത്ത സ്പിൽ ഓവർ പ്രവൃത്തികൾക്ക് വേണ്ടി തുക ചെലവഴിച്ചത്

ക്രമപ്രകാരമല്ല – ₹320000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജ്ജൻ

ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾക്ക് 2024-25 വർഷം സ്പിൽ ഓവർ പ്രോജക്ടുകളായി അംഗീകാരം ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

പ്രോജക്ടിന്റെ പേരും നമ്പരും	ഫണ്ടിനം തുക	ചെലവ് തുകയും ബിൽ നമ്പറും	റിമാർക്സ്
177/25 പശു വളർത്തൽ	₹240000 – വികസന ഫണ്ട്	₹60000 –7/09.05.2024 ₹60000 – 8/09.05.2024 ₹30000 – 9/09.05.2024 ₹90000–285/11.12.2024 ആകെ – ₹240000	ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചിട്ടുണ്ട്
178/25 – ആട് വളർത്തൽ	₹80000 – വികസന ഫണ്ട്	₹20000 –4/09.5.2024 ₹40000 – 5/09.05.2024 ₹20000 –6/08.05.2024 ആകെ – ₹80000	ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചിട്ടുണ്ട്
	ആകെ	₹320000	

ആയതിനാൽ ₹320000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–27 കരാട്ടേ പരിശീലന പദ്ധതികളിൽ കുടുംബശ്രീക്ക് ലഘുഭക്ഷണ ചെലവിനായി അധികം അനുവദിച്ച ₹16576 തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ , ഗവൺമെന്റ് യു പി സ്കൂൾ	
പ്രോജക്ട് നമ്പർ / പേര്	29-25 ,വിദ്യാർത്ഥികൾക്ക് കായിക പരിശീലനം	276-25 കുട്ടികൾക്ക് കരാട്ടേ പരിശീലനം
അടങ്കൽ	100000 (വികസനഫണ്ട് ജനറൽ)	100000 (വികസനഫണ്ട് ജനറൽ)
ചെലവ്	529/13.03.2025, ₹98000	65/ 18-06-2024 - 98000

പ്രൊജക്ട് നമ്പർ 29/25 പ്രകാരം 200 വിദ്യാർത്ഥികൾക്ക് കരാട്ടെ പരിശീലനത്തിനായി ഓരോരുത്തർക്കും ₹500 വീതം ചെലവഴിക്കുന്നതിനായി ആകെ ₹1,00,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ കരാട്ടേ പരിശീലനം നൽകുന്നതിനായി പിലാത്തറ സ്വദേശി ശ്രീ. എം. കെ. സുബൈറിന് ₹50,000യും, ലഘുഭക്ഷണം നൽകുന്നതിനായി കുടുംബശ്രീക്ക് ₹48,000യും അനുവദിച്ചിട്ടുണ്ട്.എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ ഹാജർ പട്ടികയും സ്കൂളുകളിൽ നിന്ന് ലഭിച്ച വിവരങ്ങളും പരിശോധിച്ചപ്പോൾ, പരിശീലനത്തിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം പ്രകാരമുള്ള ലഘുഭക്ഷണ ചെലവിനായി നൽകേണ്ട തുക ₹37,064 മാത്രമായിരുന്നു. ഇതിന് പകരം ₹48,000 അനുവദിച്ചതിനാൽ ₹10,936 രൂപ **അധികം** കുടുംബശ്രീക്ക് അനുവദിച്ചു. അതിനാൽ, ₹10,936 തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ 276/25 പ്രകാരം കുട്ടികൾക്ക് കരാട്ടെ പരിശീനത്തിന് വേണ്ടി ₹1,00,000 വകയിരുത്തിയിട്ടുണ്ട്.ഈ പ്രൊജക്ടിനും പരിശീലകനായ ശ്രീ. എം. കെ. സുബൈറിന് ₹50,000യും കുടുംബശ്രീക്ക് ലഘുഭക്ഷണ ചെലവിനായി ₹48,000യും അനുവദിച്ചിട്ടുണ്ട്.എന്നാൽ, ഹാജർ പട്ടികയും സ്കൂളുകളിൽ നിന്നുള്ള വിവരങ്ങളും പരിശോധിച്ചപ്പോൾ, 135 വിദ്യാർത്ഥികൾക്കായി 42,360 രൂപ മാത്രം നൽകിയതിനാൽ ₹5,640 കുടുംബശ്രീക്ക് അധികം ചെലവ് ചെയ്തിട്ടുണ്ട്.

മേൽ കൊടുത്ത രണ്ട് പ്രൊജക്ടുകളിലായി ആകെ ₹16576 അധികം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/15-10-2025) അധികം നൽകിയ 2025-26 ൽ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ₹16576 നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-28 പത്താംമുദയം -സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസജില്ല -₹56050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ , ഗവൺമെന്റ് യു പി സ്കൂൾ
പ്രോജക്ട് നമ്പർ / പേര്	40/25 ,പത്താംമുദയം -സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസജില്ല
അടങ്കൽ	₹100000 (തനത് ഫണ്ട്)
ചെലവ്	11374 181/ 09-09-2024 46800 249/ 03-12-2024 1992 528/ 13-03-2025 - ആകെ ₹60166

പ്രോജക്ട് നമ്പർ 40/25 പ്രകാരം ചെലവഴിച്ച ₹60,166 (56050 - സംസ്ഥാന സാക്ഷരത മിഷൻ, 4116ഫോറം ,സ്റ്റേഷനറി) യുടെ വിനിയോഗം പരിശോധിച്ചതിൽ, സംസ്ഥാന സാക്ഷരത മിഷനുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത തുകയിൽനിന്ന് ₹9,250 (5 പേർക്കായി 10-ാം ക്ലാസ് തുല്യതാ പരീക്ഷാ ഫീസ്) ഒടുക്കിയതിനും, ബിൽ നമ്പർ 249/03-12-2024 പ്രകാരം സംസ്ഥാന സാക്ഷരത മിഷനിലേക്ക് ഒടുക്കിയ ₹46,800 രൂപയുടെ ചെലവിനും ആസ്പദമായ പഠിതാക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. തുല്യതാ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, അഡ്മിഷൻ, കോഴ്സ് ഫീസ് എന്നിവയുടെ വിശദാംശങ്ങളോ, ക്ലാസ് പങ്കാളിത്തം, പരീക്ഷാ ഹാജർ, കോഴ്സ് പൂർത്തീകരണം എന്നിവ തെളിയിക്കുന്ന രേഖകളോ ലഭ്യമല്ല. ഇത് സംബനധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/14-10-2025) രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.വിനിയോഗ സാക്ഷ്യപത്രമോ മറ്റ് രേഖകളോ ലഭ്യമാക്കാത്തതിനാൽ ₹56050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 കോക്ലിയർ ഇമ്പ്ലാന്റേഷൻ നടത്തിയ കുട്ടികൾക്ക് ഉപകരണ റിപ്പയർ തുക സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറൽ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക ₹144901 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നമ്പർ/പേര്	185/25,കോക്ലിയർ ഇമ്പ്ലാന്റേഷൻ നടത്തിയ കുട്ടികൾക്ക് ഉപകരണ റിപ്പയർ തുക സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറൽ (SO)
അടങ്കൽ	₹200000-വികസനഫണ്ട്-പൊതു വിഭാഗം
ചെലവ്,ബിൽ നമ്പർ/തീയതി	₹200000, 37/09.05.2024

ഗ്രാമപഞ്ചായത്തിലെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനന്സിന് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പ്രോജക്ട്.

പ്രോജക്ടിന്റെ ഭാഗമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ അമാൻ പി, മുഹമ്മദ് യാസീൻ, ഫാത്തിമത്ത് ദിയ,അന്വയ രതീഷ് എന്നീ 4 കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഒരു കുട്ടിക്ക് ₹50000 വീതം ആകെ ₹200000 മേൽ ബിൽ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക്(a/C No.3301005800000015) ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

ഇതിൽ അമാൻ പി, മുഹമ്മദ് യാസീൻ എന്നീ കുട്ടികളുടെ കോക്ലിയർ ഇമ്പ്ലാന്റ് മെയിന്റനൻസിനായി ₹55099 ചെലവായതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി ചെലവ് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

2024-25 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോക്ലിയാർ ഇമ്പ്ലാന്റേഷന് മെയിന്റനൻസിലുള്ള തുക സ്റ്റേറ്റ് ഹെൽത്ത് മിഷന് കൈമാറിയിട്ടില്ലായെന്നും ചെലവഴിക്കാത്ത ബാക്കി തുക 2025-26 വർഷം ലഭ്യമാകുന്ന അപേക്ഷകർക്ക് ചെലവഴിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/17.10.2025) മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹144901 തടസ്സപ്പെടുത്തുന്നു.

1–30 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ– സ്കോളർഷിപ്പ് ഇനത്തിൽ അധികം നൽകിയ ₹26395 യുടെ ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രൊജക്ട് നമ്പർ,പേര്	46/25,ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ
അടങ്കൽ തുക	₹1680000 (വികസനഫണ്ട്-പൊതുവിഭാഗം) ₹890000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹280000 (ജില്ലാ പഞ്ചായത്ത് വിഹിതം) ആകെ :₹2850000
ചെലവ്	₹1680000 (വികസനഫണ്ട്-പൊതുവിഭാഗം) ₹840000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹280000 (ജില്ലാ പഞ്ചായത്ത് വിഹിതം) ആകെ :₹2800000

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്ര ബത്തയും അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ പ്രോജക്ട്.

പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ താഴെ കൊടുക്കുന്നു.

A. സ.ഉ(കൈ)നം.115/2022/LSGD, 28.05.2022 ഖണ്ഡിക 7.1.6 (ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ ₹28500 അനുവദിക്കാവുന്നതാണ്. വേദ സജേഷ് എന്ന വിദ്യാർത്ഥിയുടെ അപേക്ഷ, ഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് പ്രകാരം കുട്ടിയുടെ ഭിന്നശേഷി തരം കേൾവി കുറവാണ് (മാർഗ്ഗരേഖയിൽ ശാരീരിക വെല്ലുവിളി എന്ന ഗണത്തിൽ ഉൾപ്പെടുന്നത്). ജി എച്ച് എസ് എസ് കുറ്റ്യേരി എന്ന സ്ഥാപനത്തിൽ 7-ാം ക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് സ.ഉ(കൈ)നം.115/2022/LSGD, 28.05.2022 ഖണ്ഡിക 7.1.6 (എ) പ്രകാരം അനുവദിക്കാവുന്ന സ്കോളർഷിപ്പ് തുക 6600 രൂപയാണ്. (പ്രതിമാസ സ്കോളർഷിപ്പ്: ₹500, വാർഷിക ബത്ത: ₹600). എന്നാൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം ₹28500 അനുവദിച്ചിട്ടുണ്ട്.

ഉൾപ്പെടുന്ന ബിൽ	അനുവദിച്ച തുക
298/11.12.2024- ₹490000	₹14000
507/11.03.22025- ₹137200	₹3505
BRN:2419035200830105155 4/13.12.24-₹354200	₹5800
BRN:2419035200830105156 7/13.12.24-₹165325	₹1945
BRN:2419035200830108917 1/26.12.24-₹74750	₹3250
TOTAL	₹28500
അധികമായി അനുവദിച്ച തുക	₹21900

B. സ.ഉ(കൈ)നം.115/2022/LSGD, 28.05.2022 ഖണ്ഡിക 7.16 (ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ ₹28500 അനുവദിക്കാവുന്നതാണ്.

എന്നാൽ മാനസിക വെല്ലുവിളി നേരിടുന്ന ഫഹദ് കെ വി എന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് ഇനത്തിൽ അധികം തുക അനുവദിച്ചിട്ടുണ്ട്.വിശദാംശം താഴെ കൊടുക്കുന്നു.

ഉൾപ്പെടുന്ന ബിൽ	അനുവദിച്ച തുക
295/11.12.2024-₹298100	₹8000
297/11.12.2024- ₹496000	₹14000
BRN:2419035200830105156 7/13.12.24-₹165325	₹1945

BRN:24190352008301089170/26.12.24-₹113750	₹3250
BRN:24190352008301051554/13.12.24-₹354200	₹5800
TOTAL	₹32995
അധികമായി അനുവദിച്ച തുക	₹4495

വേദ സജേഷ് എന്ന വിദ്യാർത്ഥിനിയ്ക്ക് അധിക തുക നൽകിയത് അശ്രദ്ധ മൂലമാണെന്നും ആയത് 2025-26 വർഷം ഉൾപ്പെടെ വരും വർഷങ്ങളിലെ സ്കോളർഷിപ്പ് തുകയിൽ നിന്നും ക്രമീകരിക്കുന്നതാണെന്നും ഫഹദ് കെ വി എന്ന വിദ്യാർത്ഥിക്ക് അധികമായി അനുവദിച്ച ₹4495 അടുത്ത സാമ്പത്തിക (2025-26) വർഷത്തെ സ്കോളർഷിപ്പ് തുകയിൽ നിന്ന് ക്രമീകരിച്ച് ബിൽ തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത ബിൽ പാസാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(44/16.10.2025) മറുപടിയായി അറിയിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് ഇൻത്തിൽ അധികം നൽകിയ 26395 രൂപ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1–31 മുടിക്കാനം എസ് സി സാമൂഹ്യവിനോദ കേന്ദ്രത്തിന് മേശ,അലമാര,കസേര എന്നിവ വാങ്ങി നൽകൽ –രേഖകൾ ലഭ്യമാക്കിയിട്ടില്ല.₹54,000 യുടെ ഈ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	41-25 ,മുടിക്കാനം എസ് സി സാമൂഹ്യവിനോദ കേന്ദ്രത്തിന് മേശ, അലമാര ,കസേര എന്നിവ വാങ്ങൽ
അടങ്കൽ	₹100000 (വികസനഫണ്ട്-എസ് സി)
ചെലവ്	₹54000-621/ 26-03-2025 -

ഗ്രാമപഞ്ചായത്ത് മുടിക്കാനം എസ്.സി. സാമൂഹ്യവിനോദ കേന്ദ്രത്തിലേക്ക് ഫർണിച്ചർ ലേബർ കോൺട്രാക്ടേഴ്സ് കൺസോർഷ്യത്തിൽ (ഇൻവോയ്സ് നമ്പർ BB 581, തീയതി 26-03-2025) നിന്നും വാങ്ങിയ പ്ലാസ്റ്റിക് എക്സിക്യൂട്ടീവ് ചെയർ (50 എണ്ണം, ₹25,000), സ്റ്റീൽ അലമാര (1 എണ്ണം, ₹13,000), വുഡൻ ടേബിൾ (2 എണ്ണം, ₹16,000) എന്നിവ ഉൾപ്പെടെയുള്ള ₹54,000 രൂപയുടെ ഫർണ്ണിച്ചർ സാധനങ്ങൾ വാങ്ങിച്ചത് പഞ്ചായത്തിന്റേയും അവ കൈപ്പറ്റിയ മുടിക്കാനം എസ്.സി. സാമൂഹ്യവിനോദ കേന്ദ്രത്തിന്റേയും സ്റ്റോക്ക് രജിസ്റ്ററുകളിൽ ഉൾപ്പെടുത്തിയതിന്റെ രേഖകളോ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/15-10-2025) മറുപടി ലഭിക്കുകയോ ആവശ്യപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ, ₹54,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–32 മിശ്രവിവാഹ ധനസഹായം – ഗുണഭോക്താവിന്റെ റേഷൻ കാർഡ് ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിൽനിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – ₹75,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	325/25, മിശ്രവിവാഹ ധനസഹായം
അടങ്കൽ	675000, വികസനഫണ്ട് എസ് സി പി
ചെലവ്	675000, ബിൽ നമ്പർ: 583/ 24-03-2025

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്കായി ആകെ ₹6,75,000 അനുവദിച്ചിട്ടുണ്ട്. ഈ സഹായം ലഭിച്ചവരിൽ ഉൾപ്പെടുന്ന ശ്രീമതി. റീജ ആർ, ശ്രീ. നിജോ ഐസക് ദമ്പതികളിലെ ശ്രീമതി. റീജ ആർ ന്റെ റേഷൻ കാർഡ് പാലക്കാട് ജില്ലയിലെ കണ്ണൻപ്ര ഗ്രാമപഞ്ചായത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. പ്രസ്തുത ഗുണഭോക്താവിന് കണ്ണൻപ്ര ഗ്രാമപഞ്ചായത്തിൽനിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36/15-10-2025) മറുപടി ലഭിക്കുകയോ ആവശ്യപ്പെട്ട രേഖ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മറുപടിയുടെയും രേഖയുടെയും അഭാവത്തിൽ, പ്രസ്തുത ഗുണഭോക്താവിന് അനുവദിച്ച ₹75,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–33 60 വയസിന് മുകളിലുള്ളവർക്ക് കട്ടിൽ എസ് സി–അർഹത പരിശോധിക്കുന്നതിനായി വരുമാന

സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല – ₹17,700 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	38-25, 60 വയസിന് മുകളിലുള്ളവർക്ക് കട്ടിൽ എസ് സി
അടങ്കൽ	91450 (വികസന ഫണ്ട് എസ് സി പി)
ചെലവ്	91450 ബിൽ നമ്പർ: 565/ 21-03-2025

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 60 വയസ്സിന് മുകളിലുള്ള 31 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതിലെ ചെലവ് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ, ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കുന്നതിനുള്ള വരുമാന സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിട്ടില്ല. താഴെ പറയുന്ന 6 ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റാണ് പരിശോധനക്ക് ലഭ്യമാക്കാതിരുന്നത്.

ക്രമനം	ഗുണഭോക്താവിന്റെ പേര്	ലഭ്യമാക്കേണ്ടുന്ന രേഖ
1	കേളു പി പി	വരുമാന സർട്ടിഫിക്കറ്റ് ലഭ്യമല്ല
2	സാവിത്രി പി പി	വരുമാന സർട്ടിഫിക്കറ്റ് ലഭ്യമല്ല
3	പങ്കജം പി	വരുമാന സർട്ടിഫിക്കറ്റ് ലഭ്യമല്ല
4	എ മാധവി	വരുമാന സർട്ടിഫിക്കറ്റ് ലഭ്യമല്ല
5	ഒ മാധവി	വരുമാന സർട്ടിഫിക്കറ്റ് ലഭ്യമല്ല
6	അച്യുതൻ വി	വരുമാന സർട്ടിഫിക്കറ്റ് ലഭ്യമല്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/15.10.2025) മറുപടി ലഭ്യാമക്കിയിട്ടില്ല. മറുപടിയുടേയും രേഖകളുടേയും അഭാവത്തിൽ, ഈ 6 ഗുണഭോക്താക്കൾക്ക് അനുവദിച്ച ₹17,700-യുടെ (2950x6) ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 തെരുവ് വിളക്ക് പരിപാലനം-രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹83,333 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	251/25 തെരുവ് വിളക്ക് പരിപാലനം
അടങ്കൽ	₹200000 (ധനകാര്യകമ്മീഷൻ അവാർഡ്) ₹50000 (തനതുഫണ്ട്) ആകെ ₹250000
ചെലവ്	₹83333 (ധനകാര്യകമ്മീഷൻ അവാർഡ്) 154/ 23-08-2024

പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ₹83,333 രൂപ ജോസ് പാറക്കൽ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്തതിട്ടുണ്ട്. ചെലവിന്റെ സാധൂകരണത്തിന് ആവശ്യമായ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സ്, റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ,നടത്തിയ റിപ്പയർ പ്രവൃത്തികളുടെ ഗുണമേന്മയും പൂർത്തീകരണവും സാക്ഷ്യപ്പെടുത്തുന്ന കെ.എസ്.ഇ.ബിയുമായുള്ള സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ ലഭ്യമാക്കനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/16-10-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ, പ്രസ്തുത പദ്ധതിക്ക് വേണ്ടി ചെലവഴിച്ച ₹83,333 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 എബിസി പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	156-25 , എ ബി സി പ്രോഗ്രാം -ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ
അടങ്കൽ	100000 (തനത് ഫണ്ട്)

ചെലവ്	100000 /- 525/ 13-03-2025

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 100000 രൂപ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ജില്ലാ ട്രഷറിയിലുള്ള 799011400000958 നമ്പർ എസ് ടി എസ് ബി അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ₹1,00,000 യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം 38/16.10.2025). വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 വൃത്തി 2025- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	332-25,വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ്
അടങ്കൽ	25000 (തനത് ഫണ്ട്)
ചെലവ്	25000-590/ 24-03-2025

തദ്ദേശ സ്വയംഭരണ (WM) വകുപ്പിന്റെ 7-03-2025 തീയതിയിലെ സഉ (സാധാ) നം.645/2025 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന ഇവന്റ് സംഘടിപ്പിക്കുന്നതിന്റെ ചെലവിലേക്കായി ₹25000 ശുചിത്വ മിഷന് കൈമാറിയിട്ടുണ്ട് . ₹25,000 യുടെ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റ് രശീത് എന്നിവ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം 43/16-10-2025) രേഖകളുടെ അഭാവത്തിൽ ₹25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 ജി ഐ എസ് മാപ്പിംഗ് വസ്തുനികുതി പരിഷ്കരണ വിവരശേഖരണം - പ്രവൃത്തിക്ക് വേണ്ടി മുഴുവൻ തുകയും കൈമാറ്റം ചെയ്യുന്നതിന് മുമ്പ് ഉത്തരവിൽ വ്യക്തമാക്കിയ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	300-25, ജി ഐ എസ് മാപ്പിംഗ് വസ്തുനികുതി പരിഷ്കരണ വിവരശേഖരണം
അടങ്കൽ	2500000 (തനത് ഫണ്ട്)
ചെലവ്	642/ 28-03-2025 - ₹499999

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി താഴെ പറയും പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്

Sl No	Item	Unit	Unit Price	Total Units	Total Prize
1	Building Property Survey	Number	110	7484	971423 (+ GST)
2	Drone Surevey	Sq. KM	20000	54.77	1292572 (+GST)
3	GIS Portal	Number	2,00,000	1	236000 (+GST)
	Grand Total				2499995

ഗ്രാമപഞ്ചായത്തിലെ ജി.ഐ.എസ്. (GIS) മാപ്പിംഗ് പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേനയാണ് പ്രവൃത്തി നടത്തിവരുന്നത്. പ്രസ്തുത പ്രവൃത്തികൾ സർക്കാർ ഉത്തരവ് (ആർ.ടി.) 2556/2018/

ത.സ്വ.ഭ.വ. തീയതി 04-10-2018-ന് അനുസൃതമായിരിക്കണം പൂർത്തിയാക്കേണ്ടത്. മേൽ ഉത്തരവ് പ്രകാരം, പ്രവൃത്തികൾ ഇൻഫർമേഷൻ കേരള മിഷൻ (IKM) മേൽനോട്ടം വഹിക്കേണ്ടതും, IKM വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള സോഫ്റ്റ്വെയറുകളുമായി സംയോജിപ്പിക്കാൻ കഴിയുന്ന രൂപത്തിലായിരിക്കണം നടപ്പിലാക്കേണ്ടത്. കൂടാതെ, ഈ മാപ്പിംഗ് ഡാറ്റ പ്രോപ്പർട്ടി അസസ്മെൻ്റിനും, കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ ഉൾപ്പെടുത്തുന്നതിനും ഉപകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2025-26 വർഷത്തിൽ സ്പില്ലോവറായി തുടരുന്ന ഈ പ്രോജക്ടിൻ്റെ നിലവിലെ സ്ഥിതിവിവരവും, നിർവ്വഹണ വേളയിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചതിൻ്റെ വിശദമായ വിവരവും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/16-10-2025) മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിക്ക് വേണ്ടി മുഴുവൻ തുകയും കൈമാറ്റം ചെയ്യുന്നതിന് മുമ്പ്, സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും, അനുസംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-38 ഐ കെ എം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹ 103118 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	17/25, ഐ കെ എം വിഹിതം നൽകൽ
അടങ്കൽ	125000 (വികസനഫണ്ട്)
ചെലവ്	103118/- 371/ 15-01-2025

ഗ്രാമ പഞ്ചായത്തിന് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക്(നം.57047023512) ₹ 103118 നൽകിയിട്ടുണ്ട്. ₹103118 യുടെ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റ് രശീത് എന്നിവ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം 39/16.10.2025) രേഖകളുടെ അഭാവത്തിൽ ₹103118 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-39 കെ എസ് ഇ ബി ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടില്ല.₹2052982 യുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി	
പ്രോജക്ട് നമ്പർ / പേര്	150/25, പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	162/25, നെല്ലിപ്പറമ്പ് എം സി എഫ് കെട്ടിടത്തിന് വൈദ്യുതീകരണം - കെ എസ് ഇ ബി ക്ക് വിഹിതം കൈമാറൽ
അടങ്കൽ	₹2000000 (ധനകാര്യകമ്മീഷൻ അവാർഡ്) ₹1000000 (തനത് ഫണ്ട്) ആകെ ₹3000000	₹100000 (തനത് ഫണ്ട്)
ചെലവ്	₹1262316 (ധനകാര്യകമ്മീഷൻ അവാർഡ്) 589/ 24-03-2025 - (KSEB – പരിയാരം) ₹737684 (ധനകാര്യ കമ്മീഷൻ അവാർഡ്) 632/ 27-03-2025 - (KSEB -കരിമ്പം) ആകെ₹2000000	₹52982, ബിൽ നമ്പർ: 442/ 19-02-2025 - (KSEB -പരിയാരം)

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി പ്രോജക്ട് നമ്പർ 150/25 പ്രകാരം, ഇലക്ട്രിക്കൽ സെക്ഷൻ പരിയാരത്തിന് ₹12,62,316-വും ഇലക്ട്രിക്കൽ സെക്ഷൻ കരിമ്പത്തിന് ₹7,37,684-വും ഉൾപ്പെടെ ആകെ ₹20,00,000 അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ, 2024-25 സാമ്പത്തിക വർഷത്തിൽ നെല്ലിപ്പറമ്പ് എം.സി.എഫ്. കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി. കരിമ്പത്തിന് ₹52,982 നൽകിയിട്ടുമുണ്ട്.

പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചുവടെ കൊടുത്ത പരാമർശങ്ങൾക്ക് വിശദീകരണങ്ങളും ആവശ്യമായ രേഖകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് (40/16-10-2025) നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും, മറുപടി ലഭ്യമാക്കിയിട്ടില്ല.

കെ.എസ്.ഇ.ബിയിൽ നിന്നുള്ള എസ്റ്റിമേറ്റുകൾ ,കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല. സർക്കുലർ നമ്പർ DA1/179/22 തസ്വഭവ തീയതി 10-07-2022 പ്രകാരം, കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ., ജി.ഡബ്ല്യു.എ. തുടങ്ങിയ ഏജൻസികളിലൂടെ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യുകയും അതേ വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ നിർദേശിക്കുകയും വേണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്,പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്. മേൽപ്പറഞ്ഞ രേഖകൾ വിശദീകരണങ്ങൾ എന്നിവ ലഭ്യമാക്കാത്തതിനാൽ ₹2052982 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-40 ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയും ആയതിന്റെ 18% ജി എസ് ടിയും അതത് അക്കൗണ്ടുകളിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലുകളിൽ നിന്നും ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയും ആയതിന്റെ 18% ജി എസ് ടിയും കണക്കാക്കി കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും കുറവ് ചെയ്ത പ്രസ്തുത തുകകൾ സെക്രട്ടറിയുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത് (LGTSB A/C No-799013000000825). ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ ജി.ഒ.(പി)നം. 177/2006 നമ്പർ ഉത്തരവിന്റെ ഖ.10 അനുസരിച്ച് കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിന് വേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കിഴിവ് ചെയ്ത തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/25-20-25)മറുപടിയായി ഒഴിഞ്ഞ ടാർ ബാരലിന്റെ വില ഇനത്തിൽ 271296 രൂപയും ആയതിന്റെ ജി എസ് ടി 48852രൂപയും അടവാക്കാൻ ബാക്കിയുള്ളതായി അറിയിച്ചിട്ടുണ്ട്. തുക ഒടുക്ക് സംബന്ധിച്ചുള്ള തുടർനടപടിവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-41 ജലജീവൻ മിഷൻ പദ്ധതി -അവലോകനം

ജലജീവൻ മിഷൻ പദ്ധതി – പരിയാരം ഗ്രാമപഞ്ചായത്ത്

ഗ്രാമീണ വീടുകളിലെല്ലാം 2024-ഓടെ സുരക്ഷിത കുടിവെള്ള കണക്ഷൻ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ജനപങ്കാളിത്തത്തോടെ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി.

പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് ചുവടെ കൊടുക്കുന്നു

കേന്ദ്ര-സംസ്ഥാന വിഹിതം	50:50
സംസ്ഥാന വിഹിതത്തിലെ പഞ്ചായത്ത് വിഹിതം	15%
ഗുണഭോക്തൃ വിഹിതം	10%

കേരള ജല അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ മൊത്തച്ചെലവ് ₹1355 ലക്ഷം രൂപയാണ്. ഇതിൽ പഞ്ചായത്ത് വിഹിതം ₹203.25 ലക്ഷം, ഗുണഭോക്തൃ വിഹിതം ₹135.50 ലക്ഷം ആയി നിശ്ചയിച്ചിട്ടുണ്ട്.പദ്ധതി നടപ്പാക്കുന്നതിനായി 06-01-2022-ന് കേരളാ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഞ്ചായത്ത് സെക്രട്ടറി, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി പ്രതിനിധി എന്നിവർ ചേർന്ന് ത്രികക്ഷി കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. ജല അതോറിറ്റിയുടെ റിപ്പോർട്ട് പ്രകാരം 9301 വീടുകളിൽ 6902 വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല. 2021-22 മുതൽ 2024-25 വരെ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും ജല അതോറിറ്റിക്ക് നൽകിയിട്ടില്ല. ഗുണഭോക്താക്കളിൽ നിന്ന് വിഹിതം പിരിവും

നടന്നിട്ടില്ല. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. പഞ്ചായത്ത്, കേരള ജല അതോറിറ്റിയുമായി സഹകരിച്ച് പദ്ധതിയുടെ യഥാർത്ഥ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും, ഗുണഭോക്തൃ വിഹിതവും പഞ്ചായത്ത് വിഹിതവും സമയബന്ധിതമായി നൽകുകയും ചെയ്ത് പദ്ധതി സുഗമമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-42 പരിയാരം ഗ്രാമപഞ്ചായത്ത്- ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

